REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് ഗവൺമെന്റ് ഇന്ന് കൈമാറും.**
- **മുംബൈയിൽ വിനോദസഞ്ചാരികളുമായി പുറപ്പെട്ട യാത്രാബോട്ടും നാവികസേനയുടെ സ്പീഡ് ബോട്ടും കൂട്ടിയിടിച്ച് 13 പേർ മരിച്ചു.**
- **സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് അടുത്ത വർഷം ഫെബ്രുവരിയിൽ കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുമന്ന് മന്ത്രി P. രാജീവ്.**
- **ചിത്രപ്പകിട്ടുമായി കേരള രാജ്യാന്തര ചലച്ചിത്ര മേള ഏഴാം ദിനത്തിലേക്ക്.**
- **ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വന്റി- 20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നവി മുംബൈയിലെ DY പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ നടക്കും.**

## വാർത്തകൾ വിശദമായി

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് ഗവൺമെന്റ് ഇന്ന് കൈമാറും. BJP നേതാക്കളായ PP ചൗധരി, അനുരാഗ് സിംഗ് താക്കൂർ, പർഷോത്തംഭായ് രൂപാല, കോൺഗ്രസ് നേതാക്കളായ പ്രിയങ്ക ഗാന്ധി, മനീഷ് തിവാരി, TMC-യുടെ കല്യാൺ ബാനർജി, NCPയുടെ സുപ്രിയ സുലെ ഉൾപ്പെടെ 21 ലോക്സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളുമാണ് നിർദിഷ്ട ജെ.പി.സി കമ്മിറ്റിയിലെ അംഗങ്ങൾ.

ഭരണഘടനയുടെ 129-ാം ഭേദഗതി ബിൽ, 2024, കേന്ദ്രഭരണ പ്രദേശങ്ങളുടെ നിയമ ഭേദഗതി ബിൽ, എന്നിങ്ങനെയാണ് ബില്ലുകളെ ഔദ്യോഗികമായി നാമകരണം ചെയ്തിരിക്കുന്നത്.

✪✪✪

വഖഫ് ഭേദഗതി ബില്ല് സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതി ന്യഡൽഹിയിൽ യോഗം ചേർന്നു. ബില്ലിനെക്കുറിച്ച് ഓൾ ഇന്ത്യ ഷിയാ പേഴ്സണൽ ലോ ബോർഡിന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും സമിതി പരിഗണിച്ചതായി സമിതി അധ്യക്ഷൻ ജഗദാംബിക പാൽ MP മാധ്യമങ്ങളോട് പറഞ്ഞു. നിർദ്ധിഷ്ട ഭേദഗതി സംബന്ധിച്ച് പേഴ്സണൽ ലോ ബോർഡിന്റെ ചോദ്യങ്ങളിൽ അംഗങ്ങൾ പ്രതികരണം തേടിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. 13 പ്രതിപക്ഷ അംഗങ്ങൾ ഉൾപ്പെടെ ലോക് സഭയിൽ നിന്ന് 21 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളും ഉൾപ്പെടുന്നതാണ് സംയുക്ത പാർലമെന്ററി സമിതി.

✪✪✪

ജമ്മുകശ്മീർ ഉൾപ്പെടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല സുരക്ഷാ യോഗം ചേരും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ തപൻ ദേക, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ഉൾപ്പെടെ പങ്കെടുക്കും.

✪✪✪

മുംബൈയിൽ വിനോദസഞ്ചാരികളുമായി പുറപ്പെട്ട യാത്രാബോട്ടും നാവികസേനയുടെ സ്പീഡ് ബോട്ടും കൂട്ടിയിടിച്ച് 13 പേർ മരിച്ചു. നാവികസേനയും കോസ്റ്റു ഗാർഡും മറൈൻ പൊലീസും ചേർന്ന് 99 പേരെ രക്ഷപ്പെടുത്തി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..... വോയ്സ്....

മുംബൈ ഗേറ്റ് വേ ഓഫ് ഇന്ത്യക്കു സമീപം ഇന്നലെ വൈകിട്ട് നാലിനാണ് അപകടമുണ്ടായത്. എലിഫന്റാ ദ്വീപിലേക്ക് പുറപ്പെട്ട നീൽകമൽ യാത്രാബോട്ടിലേക്ക് നാവികസേനയുടെ സ്പീഡ് ബോട്ട് നിയന്ത്രണം നഷ്ടപ്പെട്ട് ഇടിച്ചു കയറുകയായിരുന്നു. സ്പീഡ് ബോട്ടിൽ പുതിയ എഞ്ചിൻ വെച്ചതിനു ശേഷം നടത്തിയ ആദ്യ പരീക്ഷണയാത്രക്കിടെയായിരുന്നു അപകടം.

മരിച്ചവരിൽ ഒരു നാവികസേന ഉദ്യോഗസ്ഥനും എഞ്ചിൻ നിർമിച്ച കമ്പനിയുടെ രണ്ട് ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു.

അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ലക്ഷം രൂപ സഹായധനം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും. ബോട്ടപകടം അതീവ ദുഃഖകരമെന്ന് പ്രധാനമന്ത്രി അനുശോചന കുറിപ്പിൽ പറഞ്ഞു. മരിച്ചവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പരിക്കേറ്റവർ അതിവേഗം സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

ഡോ. BR അംബേദ്കറിനെതിരെ വീണ്ടും വ്യാജ വാർത്ത സൃഷ്ടിക്കാൻ കോൺഗ്രസ് ശ്രമിക്കുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ആരോപിച്ചു. 40 വർഷം ഡോ.അംബേദ്കറിന് ഭാരതരത്ന നിഷേധിച്ച കോൺഗ്രസ് പാർലമെന്റിന്റെ സെന്റർ ഹാളിൽ അംബേദ്കറെ ആദരിച്ചില്ലെന്നും സാമൂഹിക മാധ്യമ പോസ്റ്റിൽ അശ്വിനി വൈഷ്ണവ് പറഞ്ഞു. കോൺഗ്രസ് ഭരണകാലത്ത് പിന്നാക്ക വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനോ ശാക്തീകരിക്കുന്നതിനോ കാര്യമായ ശ്രമങ്ങൾ ഒന്നും നടത്തിയില്ലെന്നും അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടു.

✪✪✪

പ്രതിദിന വിമാന സർവീസുകളുടെ എണ്ണത്തിൽ തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം പുതിയ നേട്ടം കൈവരിച്ചു.

ചൊവ്വാഴ്ച 100 കൊമേഴ്സ്യൽ സർവീസുകൾ നടത്തിയാണ് വിമാനത്താവളം നേട്ടത്തിലെത്തിയത്.

ഇന്ത്യയിലെ 11 നഗരങ്ങളിലേക്ക് 56 സർവീസുകളും 14 വിദേശ നഗരങ്ങളിലേക്ക് 44 സർവീസുകളുമാണ് ചൊവ്വാഴ്ച മാത്രം നടത്തിയത്. ആകെ 15,354 പേരാണ് യാത്ര ചെയ്തത്.

ക്രിസ്മസ്-പുതുവർഷ സീസണിലെ തിരക്കു പരിഗണിച്ച് എല്ലാ യാത്രക്കാർക്കും സുരക്ഷിതവും ആയാസരഹിതവുമായ യാത്ര ഉറപ്പാക്കാൻ ആവശ്യമായ അധിക സജ്ജീകരണങ്ങളും വിമാനത്താവളത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

അഴിമതി ആരോപണങ്ങളെത്തുടർന്ന് ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ, ഡപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ, രണ്ട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരുൾപ്പെടെ ഏഴു ഉദ്യോഗസ്ഥരെ CBI അറസ്റ്റു ചെയ്തു.

മുംബൈയിലെ വിവിധ ഇടങ്ങളിൽ നടത്തിയ പരിശോധനയിൽ 27 സ്ഥാവര വസ്തുക്കളുടെയും മൂന്ന് ആഢംബര വാഹനങ്ങളുടെയും രേഖകൾ കണ്ടെടുത്തതായി സി.ബി.ഐ അറിയിച്ചു.

✪✪✪

അന്തർ-സംസ്ഥാന ആയുധ കടത്ത് കേസിൽ NIA നാല് സംസ്ഥാനങ്ങളിൽ പരിശോധന നടത്തി. ബിഹാറിലെ 12 ഇടത്തും നാഗാലാന്റിലെ മൂന്നും ഹരിയാനയിലും ജമ്മു കശ്മീരിലുമായി ഓരോ സ്ഥലത്തുമാണ് ദേശീയ അന്വേഷണ ഏജൻസി തെരച്ചിൽ നടത്തിയത്. തോക്കുകൾ ഉൾപ്പെടെ ആയുധങ്ങളും മൊബൈൽ ഫോണുകളും  മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും പണവും  പിടിച്ചെടുത്തതായി NIA അറിയിച്ചു.

✪✪✪

സമുദ്രാതിർത്തി ലംഘിച്ച കുറ്റത്തിന് ബഹ്റൈനിൽ കഴിഞ്ഞ സെപ്തംബറിൽ അറസ്റ്റിലായ തമിഴ്നാട് തിരുനെൽവേലി സ്വദേശികളായ 28 പേരെ മോചിപ്പിച്ചു. ഇന്ത്യൻ നയതന്ത്ര ശ്രമങ്ങളെത്തുടർന്ന് ആറു മാസത്തെ തടവുശിക്ഷ മൂന്നു മാസമായി വെട്ടിക്കുറക്കുകയായിരുന്നു. മോചനം അതിവേഗം സാധ്യമാക്കിയതിന് ബഹ്റൈനിലെ ഇന്ത്യൻ അംബാസസർ ബഹ്റൈൻ ഭരണകൂടത്തിന് നന്ദി അറിയിച്ചു.

✪✪✪

ആകാശവാണി തൃശൂർ പ്രോഗ്രാം മേധാവി എം. ബാലകൃഷ്ണൻ ഒറ്റപ്പാലത്ത് അന്തരിച്ചു. 58 വയസ്സായിരുന്നു.  ഹൃദയമാഘാതതെ തുടർന്നായിരുന്നു അന്ത്യം. സംസ്ക്കാരം ഉച്ചയ്ക്ക് 12 ന് തിരുവില്വാമല ഐവർമഠത്തിൽ നടക്കും.

90 കളിൽ ആകാശവാണിയിൽ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്നരീതിയിൽ പ്രോഗ്രാമുകൾ കൊണ്ടുവന്നത് M ബാലകൃഷ്ണന്റെ നേതൃത്വത്തിലായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ ജനങ്ങളെക്കൊണ്ട് നേരിട്ടു പറയിപ്പിക്കുന്ന രീതിയിൽ വ്യത്യസ്തമായ കാഴ്ചപ്പാട് ആ കാശവാണിയിൽ ആവിഷ്കരിച്ചത് ഇദ്ദേഹമായിരുന്നു.

PRD ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച സുലഭ ഭാര്യയാണ്.

✪✪✪

കേരളത്തിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ മാക്കുന്നതിനും അടുത്ത വർഷം ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ  ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുമന്ന് മന്ത്രി P. രാജീവ്  അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്.........

2025 ഫെബ്രുവരി 21ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്യും. ഉച്ചകോടിയിൽ രണ്ടായിരത്തോളം നിക്ഷേപകരും, 30 രാജ്യങ്ങളിലെ അംബാസഡർമാരും വിവിധ വിദേശ കമ്പനികളുടെ പ്രതിനിധികളും പങ്കെടുക്കും. ഇത് കൂടാതെ രാജ്യത്തെ പ്രധാനപ്പെട്ട വ്യവസായികൾ, വിവിധ കമ്പനികളുടെ പ്രതിനിധികളടക്കം സംരംഭകരും പങ്കെടുക്കും. സംസ്ഥാന ഗവൺമെന്റിന് കീഴിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് ഉച്ചകോടി.

22 സെഷനുകളിൽ വിവിധ വ്യവസായ മേഖലകളിൽ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് ചർച്ചകളും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് തുടർ പദ്ധതികളും ചർച്ച ചെയ്യും.

ചരിത്രത്തിലെ ഏറ്റവും മികച്ചതും അനുകൂലവുമായ നിക്ഷേപ സൗഹൃദാന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് മികച്ച ഫലം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു.

✪✪✪

കിർത്താഡ്സ് സംഘടിപ്പിക്കുന്ന ദേശീയ ഗോത്രമേള നെറതിങ്ക- അടുത്ത ചൊവ്വാഴ്ച മുതൽ ഈ മാസം 30 വരെ കോഴിക്കോട് ചേവായൂർ കിർത്താഡ്സ് ക്യാമ്പസിൽ നടത്തും. മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്ന സംഘാടക സമിതി രൂപീകരണ യോഗം മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

കേരളം, മേഘാലയ, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ഗോത്രകലകളാണ് മേളയിൽ അവതരിപ്പിക്കുക.

കൂടാതെ, പാരമ്പര്യ രുചി കൂട്ടുകളടങ്ങിയ ഭക്ഷ്യമേള, 25 ഓളം ഗോത്ര വൈദ്യന്മാർ പങ്കെടുക്കുന്ന ഗോത്ര വൈദ്യ ക്യാമ്പ്, പ്രമുഖ ഗോത്ര ചിത്രകാരന്മാരുടെ പ്രദർശനവും വിൽപനയുമുണ്ടാകും. ഗോത്ര സാഹിത്യ സദസ്സ്, മ്യൂസിയം, എക്സിബിഷൻ തുടങ്ങിയവ ഈ വർഷത്തെ ദേശീയ മേളയുടെ ഭാഗമാണ്.

✪✪✪

ചിത്രപ്പകിട്ടുമായി കേരള രാജ്യാന്തര ചലച്ചിത്ര മേള ഏഴാം ദിനത്തിലേക്ക്.

ഭ്രമയുഗം, ഫയർ, അവെർനോ എന്നിവയുടേത് ഉൾപ്പെടെ 68 ചിത്രങ്ങളുടെ പ്രദർശനം ഇന്ന് നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.

..........വോയ്സ്..........

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ന് ചലച്ചിത്രാസ്വാദകർക്കു വൈവിധ്യമാർന്ന ചിത്രങ്ങളുടെ ദൃശ്യവിരുന്നാണ് കാത്തിരിക്കുന്നത്.

രാഹുൽ സദാശിവന്റെ 'ഭ്രമയുഗം', ദീപ മേഹ്തയുടെ 'ഫയർ', മാർക്കോസ് ലോയ്സയുടെ 'അവെർനോ', അക്കിനേനി കുടുമ്പ റാവുവിന്റെ 'ഒക്ക മാഞ്ചി പ്രേമ കഥ' എന്നിവയുടെ മേളയിലെ ഏക പ്രദർശനം ഇന്ന് നടക്കും.

കൺട്രി ഫോക്കസ് വിഭാഗത്തിൽ 'ലോസ്റ്റ് ഇൻ അർമേനിയ','പരാജനോവ് സ്കാൻഡൽ', 'അമേരികേറ്റ്സി' എന്നീ മൂന്ന് അർമേനിയൻ ചിത്രങ്ങളും ഏഴാം ദിനം പ്രദർശനത്തിനെത്തും.

കഴിഞ്ഞ ദിനങ്ങളിൽ പ്രേക്ഷക ശ്രദ്ധ നേടിയ സിനിമകളായ 'മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി', 'റിഥം ഓഫ് ദമാം', 'പാത്ത്','ക്വിയർ', 'കാമദേവൻ നക്ഷത്രം കണ്ടു' തുടങ്ങിയവയുടെ മേളയിലെ അവസാന പ്രദർശനവും ഇന്നാണ്.

മലയാളസിനിമ ടുഡേ വിഭാഗത്തിൽ വി.സി. അഭിലാഷിന്റെ എ പാൻ ഇന്ത്യൻ സ്റ്റോറി ആണ് ഏഴാം ദിനത്തിലെ മറ്റൊരു ശ്രദ്ധേയ ചിത്രം.

'ഇന്ത്യൻ സ്വതന്ത്ര സിനിമയിലെ സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തിൽ രാവിലെ 11 മണിക്ക് 'ഫീമെയിൽ വോയ്സസ് പാനൽ' ചർച്ച നടക്കും.

ജൂറി അംഗമായ നാന ജോർജേഡ്സെയുമായി ആദിത്യ ശ്രീകൃഷ്ണ നടത്തുന്ന സംഭാഷണവും ഇന്ന് ഉണ്ടാകും.

✪✪✪

ഏലൂർ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് കമ്പനിയിലെ മോക്ക് ഡ്രില്ലിനോട് അനുബന്ധിച്ച് ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടിനും മൂന്നരയ്ക്കും ഇടയിൽ പലതവണ സൈറൺ മുഴങ്ങും. സൈറൺ കേട്ട് പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് ടിസിസി വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് വനിതാ ട്വന്റി- 20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നവി മുംബൈയിലെ DY പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ നടക്കും. രാത്രി ഏഴിനാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യയും രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസും ജയിച്ചതോടെ നിലവിൽ പരമ്പര 1-1ന് സമനിലയിലാണ്.

✪✪✪

ഹൈദരാബാദിൽ 78-ാമത് സന്തോഷ് ട്രോഫി സീനിയർ ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ രാജസ്ഥാനെ മറുപടിയില്ലാത്ത രണ്ട് ഗോളിന് തോൽപ്പിച്ച് പശ്ചിമ ബംഗാൾ ക്വാർട്ടർ ഫൈനലിൽ കടന്നു. ഡെക്കാൻ അറീനയിൽ ഗ്രൂപ്പ് എയിലെ മറ്റൊരു മത്സരത്തിൽ മണിപ്പൂരിനെ ജമ്മു കശ്മീർ 1-1ന് സമനിലയിൽ തളച്ചു.

32 തവണ ചാംപ്യന്മാരായ ബംഗാളിന് ഇത്തവണ മൂന്ന് മത്സരങ്ങളിൽ നിന്ന് ഒമ്പത് പോയിന്റുണ്ട്. മൂന്ന് മത്സരങ്ങളിൽ നിന്ന് മണിപ്പൂരിന് ഏഴ് പോയിന്റും ജമ്മു കശ്മീരിന് ഒരു പോയിന്റും ലഭിച്ചു.

✪✪✪

ഈ മാസം 27 മുതൽ 29 വരെ നടത്തുന്ന ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ ഭാഗമായി കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ച റഗ്ബി മത്സരത്തിൽ പുരുഷ വിഭാഗത്തിൽ ചക്കാലക്കൽ HSS അക്കാദമി ജേതാക്കളായി. പുതുപ്പാടി സ്പോർട്സ് അക്കാദമിക്കാണ് രണ്ടാം സ്ഥാനം. വനിതാ വിഭാഗത്തിലും ചക്കാലക്കൽ HSS അക്കാദമി ടീമാണ് ജേതാക്കൾ. മത്സരങ്ങൾ KM സച്ചിൻ ദേവ് MLA ഉദ്ഘാടനം ചെയ്തു.

വാട്ടർ ഫെസ്റ്റ് പ്രചാരണത്തിന്റെ ഭാഗമായ ഫുട്ബോൾ ടൂർണമെന്റ് ബേപ്പൂർ ബീച്ചിൽ നാളെയാണ്.

✪✪✪

ക്രസ്തുമസ് - ന്യൂ ഇയർ സെപ്ഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് കാസർഗോഡ് മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ എക്സൈസ് സംഘത്തിന്റെ പരിശോധനയിൽ രേഖകൾ ഇല്ലാതെ കടത്തിയ ആറ് ലക്ഷത്തി എൺപതിനായിരത്തി അറുനൂറ് രൂപ പിടിച്ചെടുത്തു. സ്വകാര്യ ബസിൽ നിന്നാണ് പണം പിടി കൂടിയത്.

പണം കടത്തിയ മണി പ്രശാന്ത് എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തു

✪✪✪